(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് തെരുവുവിളക്കുള്ള ഓരോ വൈദ്യുതി പോസ്റ്റിനും മീറ്റർ ഘടിപ്പിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ തീരുമാനം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മീറ്റർ ഘടിപ്പിച്ചാൽ തെരുവുവിളക്കുകൾ കത്തുന്നതിനുമാത്രം ചാർജ്ജ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1-4-2014-ന് നിലവിൽവന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ന്റെ 102.(7), 102.(8) എന്നീ സെക്ഷനുകൾ പ്രകാരം പുതിയ തെരുവുവിളക്ക് കണക്ഷനുകൾ മീറ്ററുകൾ സ്ഥാപിച്ചുമാത്രം നൽകേണ്ടതും മീറ്ററുകൾ സ്ഥാപിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് 24 മാസങ്ങൾക്കകം മീറ്ററുകൾ സ്ഥാപിക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് ഘടിപ്പിക്കുവാനുള്ള മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനോടകം പണം അടച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്.

'കത്താത്ത തെരുവ് വിളക്കുകൾക്ക് ചാർജ്ജ് അടയ്ക്കേണ്ടിവരുന്നു' എന്നുള്ള പരാതിക്ക് തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിച്ച് കഴിയുമ്പോൾ പരിഹാരം ഉണ്ടാവുന്നതാണ്.

കാർഷിക വിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി ചാർജ്ജ് വർദ്ധന

55(2043) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക വിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി സൗജന്യമായി നൽകിയിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എത്ര പ്രാവശ്യമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക വിളകളുടെ കൃഷിക്കാവശ്യമായ വൈദ്യുതിക്കുള്ള താരിഫ് താഴെ ചേർക്കുന്നു :

പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്)	6.00
എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്)	0.65

എന്നാൽ കാർഷിക വിളകളായ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ പഴങ്ങൾ മുതലായവയുടെ കൃഷിയിലേർപ്പെട്ടിരിക്കുന്ന അർഹരായ കർഷകർക്ക് ഇപ്പോഴും സൗജന്യ നിരക്കിലാണ് വൈദ്യുതി നൽകുന്നത്. ടി സമ്പ്രദായം ഇപ്പോഴും മാറ്റമില്ലാതെ തുടരുന്നുണ്ട്.

(ബി) 16-8-2014 വരെ, ലോ ടെൻഷൻ (LT) വിഭാഗത്തിലുള്ള നാണ്യവിളകൾക്ക് കാർഷിക വിളകളുടെ താരിഫ് തന്നെയാണ് ഈടാക്കി വന്നിരുന്നത് [LT.V(A) കാർഷികം].

2012-13 കാലയളവിൽ LT.V(A) കാർഷിക വിഭാഗത്തിന്റെ താരിഫ് 65 പൈസയിൽനിന്ന് 85 പൈസ വർദ്ധിപ്പിച്ച് 1.50 രൂപയാക്കിയിരുന്നു. എന്നാൽ, ടി വർദ്ധനവ് മുഴുവനായും (യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ) സബ്സിഡിയായി നൽകി കാർഷിക വിഭാഗം ഉപഭോക്താക്കളെ നാളിതുവരെയും നാണ്യവിള കർഷകരെ 15-8-2014 വരെയും, 2012 ജൂലൈ 1 മുതൽ നടപ്പിൽവരുത്തിയ ടി താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരുന്നു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 14-8-2014-ലെ ഉത്തരവിലൂടെ നാണ്യവിളകളുടെ താരിഫ് 'LT.IV(A) വ്യവസായം' ആക്കി മാറ്റിയിരുന്നു. എന്നാൽ, തെങ്ങുകൃഷി, ഭക്ഷ്യവിളകൾക്ക് ഇടവിളയായി കൃഷിചെയ്യുന്ന നാണ്യവിളകൾ (കൂടുതൽ സ്ഥലത്ത് ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നുവെങ്കിൽ) എന്നിവയ്ക്ക് കാർഷിക താരിഫിൽ തന്നെയാണ് വൈദ്യുതി നൽകിക്കൊണ്ടിരിക്കുന്നത്.

ഏലം, കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്ന വൻകിട കർഷകർ മാത്രമാണ് നാണ്യവിളകൾക്ക് LT.IV(A) താരിഫിൽ വൈദ്യുതി ചാർജ്ജ് നൽകേണ്ടിവരുന്നത്.